"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീമതി അൻസൂര്യ. എസ്.ബി, എൽ.പി.എസ്.ടി, കാവുംവട്ടം യു.പി സ്കൂൾ, കോഴിക്കോട് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.7813/2025/GEDN തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:-
1. കാവുംവട്ടം യു.പി സ്കൂൾ മാനേജർ സമർപ്പിച്ച 09/06/2025 തീയതിയിലെ റിവിഷൻ ഹർജി
2. കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/07/2025 തീയതിയിലെ AEOKYD/584/2025/F നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/08/2025 തീയതിയിലെ ഡി.ജി.ഇ/16724/2025-ജി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഉപജില്ലയിൽപ്പെട്ട കാവുംവട്ടം യു.പി സ്കൂളിലെ എൽ.പി.എസ്.ടി അധ്യാപിക ശ്രീമതി. അൻസൂര്യ എസ്.ബി യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ടി സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജറുടെ പ്രതിനിധി, ശ്രീമതി. അൻസൂര്യ. എസ്.ബി, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെ 30.07.2025 ൽ കേൾക്കുകയുണ്ടായി.

2) റിവിഷൻ ഹർജിയുടെ സംഗ്രഹവും ഹിയറിംഗ് വേളയിലെ മാനേജറുടേയും ശ്രീമതി.അൻസൂര്യ.എസ്.ബി. യുടേയും വാദം ചുവടെ ചേർക്കുന്നു :-

2022-23 വർഷം, വിദ്യാലയത്തിൽ പുതുതായി അനുവദിക്കപ്പെടുമെന്ന് പ്രതീക്ഷിച്ച രണ്ട് അധിക എൽ.പി.എസ്.ടി തസ്തികകളിൽ ഒന്നിലാണ് ശ്രീമതി. അൻസൂര്യ എസ്.ബി യെ 01/11/22 മുതൽ നിയമിച്ചത്. എന്നാൽ നിയമനാംഗീകാരം താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ വിദ്യാഭ്യാസ ഡയറക്ടർ തലം വരെ നിരസിക്കപ്പെട്ടു.

2022- 23 വർഷം വിദ്യാലയത്തിൽ നിലവിലുണ്ടായിരുന്ന ഒരു കെട്ടിടത്തിന് നിശ്ചിത ഉയരം ഇല്ല എന്ന കാരണത്താൽ അധിക തസ്തികകൾക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ശുപാർശ നൽകിയില്ല. ആയതിനാൽ ഒഴിവിന്റെ അഭാവത്തിൽ ശ്രീമതി.അൻസൂര്യയുടെ നിയമനവും അംഗീകരിച്ചില്ല.

<u>പരിഗണിക്കേണ്ട വസ്തുതകൾ</u>

1. നിശ്ചിത ഉയരം പാലിക്കാതിരുന്ന എട്ട് ക്ലാസ്സ് മുറികൾക്ക് നിശ്ചിത ഉയരം പാലിക്കുന്നതിൽ നിന്നും ഇളവ് നൽകി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവാക്കുകയും (27/10/23 ലെ ബി3/7552/23) തദനുസരണം 2022-23 വർഷത്തിൽ അധിക ഡിവിഷനുകൾ അനുവദിക്കാനായുള്ള മാനേജരുടെ റിവിഷൻ ഹരജി ഗവ. മുമ്പാകെ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിവിഷൻ ഹരജി ഇപ്പോൾ ഗവ.തല പരിഗണനയിൽ ഉണ്ട്. ഗവ. നിർദ്ദേശാനുസരണം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ സ്കൂൾ സന്ദർശിക്കുകയും, രണ്ട് അധിക തസ്തികകൾ അനുവദിക്കാനായി ഗവ.തലത്തിൽ ശുപാർശ നൽകിയിട്ടുണ്ടെന്നുമാണ് അറിയുന്നത്. ഈ വിഷയത്തിൽ ആർ.എ4/22397/23 നമ്പറായി ഡയറക്ടർ തലത്തിൽ ഫയൽ നിലവിലുണ്ട്. പ്രസ്തുത റിവിഷൻ ഹരജി അനുവദിക്കുകയാണെങ്കിൽ ശ്രീമതി. ആൻസൂര്യയെ ഉൾക്കൊള്ളാൻ 01/11/22 മുതൽ തസ്തിക ലഭ്യമാവും. രണ്ടാമത്തെ തസ്തികയിൽ നിയമനം നടത്താതെ 1 : 1 റേഷ്യോ പ്രകാരം സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വെക്കുകയും ചെയ്തിട്ടുണ്ട്.

<u>ഹർജി ആവശ്യം</u>

2022-23 വർഷം 2 അധിക എൽ.പി.എസ്.ടി തസ്തികകൾ അനുവദിക്കാനായി ഗവ. മുമ്പാകെ നില നിൽക്കുന്ന ഹർജിയിലെ ഉത്തരവിന് വിധേയമായി, ശ്രീമതി. ആൻസൂര്യ എസ്.ബി യുടെ എൽ.പി.എസ്.ടി നിയമനത്തിന് അംഗീകാരം നൽകാനുള്ള നിർദ്ദേശം, കൊയിലാണ്ടി ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകുക.

**3) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :-**

കാവുംവട്ടം യു.പി സ്കൂളിൽ 2022-23 അധ്യയന വർഷത്തിലെ 2 അധിക എൽ.പി.എസ്.ടി തസ്തികയിൽ ഒന്നിലാണ് മാനേജർ 01/11/2022 മുതൽ ശ്രീമതി. അനസൂര്യ എസ് . ബി യെ നിയമിച്ചത്. നിയമനംഗീകാര അപേക്ഷ, 2022-23 വർഷം സ്കൂളിൽ അധിക തസ്തിക അനുവദിച്ചിട്ടില്ല, സ്വഭാവ സർട്ടിഫിക്കറ്റിൽ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല, നിയമന ഉത്തരവിൽ ഏതു വർഷത്തെ അധിക തസ്തികയിലാണ് നിയമനം എന്ന് രേഖപ്പെടുത്തിയിട്ടില്ല എന്നീ കാരണങ്ങളാൽ കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ

കാര്യാലയത്തിലെ ഉത്തരവ് നമ്പർ എഫ് / 38870/2022 തീയതി 23/02/2023 പ്രകാരം നിരസിച്ചു നൽകിയിരുന്നു. അപ്പീൽ അപേക്ഷ അധിക തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നിരസിച്ചു ഉത്തരവായിട്ടുള്ളതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/04/2025 തിയ്യതിയിലെ ജി2/241181/23/ഡിജിഇ നമ്പർ ഉത്തരവിന്മേലാണ് മാനേജർ ഇപ്പോൾ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

2022-23 വർഷത്തിൽ എൽ.പി വിഭാഗത്തിൽ 6, യു പി വിഭാഗത്തിൽ 6 എന്നിങ്ങനെ ഡിവിഷനുകളും അനുബന്ധ തസ്തികകളും ആണ് മേൽ കാര്യാലയത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ എഫ് /47154/2022 തിയതി 20/08/2022 പ്രകാരം അനുവദിച്ചിരുന്നത് . പ്രസ്തുത വർഷം 2 എൽ.പി.എസ്.ടി തസ്തിക പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ശുപാർശ ചെയ്തിരുന്നു. എന്നാൽ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേൽ തല പരിശോധന നടത്തിയപ്പോൾ കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരം ലഭ്യമല്ലെന്നു പരാമർശിച്ചതിനാൽ അധിക തസ്തിക അനുവദിച്ചു സർക്കാർ ഉത്തരവായില്ല.

2022-23 വർഷം അധിക തസ്തിക അനുവദിച്ചു ഉത്തരവാകാത്തതിനാൽ, കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരം ലഭ്യമല്ലെന്നു കാണിച്ചു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 2023-24 വർഷത്തിലും അധിക തസ്തിക ശുപാർശ ചെയ്തില്ല. പിന്നീട് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27/10/2023 ലെ ബി3/7552/2023 നമ്പർ ഉത്തരവ് പ്രകാരം 8 ക്ലാസ് മുറികൾക്ക് നിശ്ചിത ഉയരം പാലിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചു ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധിക ഡിവിഷനുകൾ അനുവദിക്കാതിരിക്കാനുള്ള തടസ്സം നീങ്ങിയിട്ടുണ്ട്. ആയതിനാൽ 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി, 2 അധിക എൽ .പി.എസ്.ടി ഡിവിഷനും അനുബന്ധ തസ്തികകളും അനുവദിക്കാവുന്നതാണ്. 2023-24 വർഷത്തിൽ അധിക തസ്തികകൾ അനുവദിക്കാനുള്ള വിദ്യാലയങ്ങളുടെ ലിസ്റ്റിൽ കാവുംവട്ടം യു പി സ്കൂളിനെയും ഉൾപ്പെടുത്തുന്നതിനായി ശുപാർശ ചെയ്തു കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഈ കാര്യാലയത്തിൽ നിന്നും റിപ്പോർട് സമർപ്പിച്ചിരുന്നു. എന്നാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ അപ്പീൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു ഉത്തരവായിട്ടുണ്ട്. ആയതിന്മേൽ മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജി ഉത്തരവൊന്നും ആയിട്ടില്ല.

നിലവിൽ 2022-23, 2023-24 വർഷങ്ങളിൽ കാവുംവട്ടം യു പി സ്കൂളിൽ അധിക എൽ.പി.എസ്.ടി തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ 01/11/2022 മുതലുള്ള ശ്രീമതി. അനസൂര്യയുടെ നിയമനം അംഗീകരിക്കാൻ നിർവാഹമില്ല.

2024-25 അധ്യയന വർഷത്തിൽ 2 എൽ. പി . എസ് . ടി അധിക തസികകൾ ഉൾപെടെ ആകെ 8 എൽ. പി. എസ് . ടി തസികകൾ പ്രസൂത സ്കൂളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 2025-26 വർഷത്തിൽ വാലിഡ് uid ഉള്ള കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നതിനാൽ ഒരു എൽ . പി ഡിവിഷനും അനുബന്ധ എൽ. പി. എസ്. ടി തസ്തികയും കുറവ് വന്നിട്ടുണ്ട്. ഈ വർഷം 7 എൽ . പി . ഡിവിഷനും 7 എൽ . പി എസ് . ടി തസ്തികയും ആണ് അനുവദിച്ചിട്ടുള്ളത് . നിലവിൽ 4 അപ്പ്രൂവ്ഡ് അധ്യാപകരും അനസൂര്യ യും ഉൾപ്പെടെ 5 എൽ . പി . എസ് . ടി അധ്യാപകർ സ്കൂളിൽ ജോലി ചെയ്യുന്നുണ്ട് എന്ന വിവരം കുടെ ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

4) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഉപജില്ലയിൽപ്പെട്ട കാവുംവട്ടം യു പി സ്കൂളിലെ 2022-2023 വർഷത്തിലെ എൽ പി എസ് ടി അധിക തസ്തികയിൽ 1/ 11/ 2022 മുതൽ എൽ പി എസ് ടി ആയി ശ്രീമതി അൻസൂര്യ എസ് ബി യെ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ആയത്

1. 2022-23 വർഷം സർക്കാരാണ് അധിക തസ്തിക അനുവദിച്ചു നൽകുന്നത് കാവുംവട്ടം യു പി സ്കൂളിൽ 2022 -23 വർഷം അധിക തസ്തിക അനുവദിച്ചു നൽകിയിട്ടില്ല . ആയതിനാൽ ശ്രീമതി അൻസൂര്യയെ ഉൾക്കൊള്ളാനുള്ള തസ്തിക ലഭ്യമല്ല

2 . സ്വഭാവ സർട്ടിഫിക്കറ്റിൽ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല

3. നിയമന ഉത്തരവിൽ ഏതു വർഷത്തെ അധിക തസ്ത്ികയിലാണ് ശ്രീമതി അൻസൂര്യ എസ് ബി യെ നിയമിച്ചതെന്നു രേഖപ്പെടുത്തിയിട്ടില്ല എന്നീ കാരണങ്ങളാൽ നിരസിച്ചു ഉത്തരവായി.

ടി ഉത്തരവിനെതിരെ മാനേജർ സമന്വയ മുഖേന അപ്പീൽ സമർപ്പിക്കുകയും ആയതു 2022 -23 വർഷം അധിക തസ്തിക അനുവദിച്ചു നൽകിയിട്ടില്ല ആയതിനാൽ ശ്രീമതി അൻസൂര്യ എസ് ബി യെ ഉൾക്കൊള്ളാനുള്ള തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20.04.2025 ലെ G2/241181/2023 നം. നടപടി ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായി. ടി ഉത്തരവിനെതിരെ ആണ് മാനേജർ സർക്കാരിൽ അപ്പിൽ സമർപ്പിച്ചിട്ടുള്ളത്.

2022-23 വർഷം അനുവദിക്കാതിരുന്ന ഡിവിഷനുകളും തസ്തികകളും

അനുവദിക്കുന്നതിന് വിധേയമായി ശ്രീമതി.അൻസൂര്യ എസ്.ബി യുടെ എൽ പി എസ് ടി നിയമനത്തിന് 1.11.2022 മുതൽ അംഗീകാരം നൽകാനുള്ള നിർദ്ദേശം കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീമർക്ക് നൽകണമെന്നതാണ് മാനേജറുടെ റിവിഷൻ ഹർജിയിലെ ആവശ്യം.

2022-23 വർഷത്തിൽ എൽ.പി വിഭാഗത്തിൽ 6, യു പി വിഭാഗത്തിൽ 6 എന്നിങ്ങനെ ഡിവിഷനുകളും അനുബന്ധ തസ്തികകളും ആണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ എഫ്/47154/2022 തിയതി 20/08/2022 പ്രകാരം അനുവദിച്ചിരുന്നത്. പ്രസ്തുത വർഷം 2 എൽ . പി. എസ്. ടി തസ്തിക ഈ കാര്യാലയത്തിലേക്ക് ശുപാർശ ചെയ്തിരുന്നു. എന്നാൽ നടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേൽതല പരിശോധന നടത്തിയപ്പോൾ കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരം ലഭ്യമല്ലെന്നു പരാമർശിച്ചതിനാൽ അധിക തസ്തിക അനുവദിച്ചു സർക്കാർ ഉത്തരവായില്ല. 2022-23 വർഷം അധിക തസ്തിക അനുവദിച്ചു ഉത്തരവാകാത്തതിനാൽ, കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരം ലഭ്യമല്ലെന്നു കാണിച്ചു പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 2023-24 വർഷത്തിലും അധിക തസ്തിക ശുപാർശ ചെയ്തില്ല. പിന്നീട് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27/10/2023 ലെ ബി 3/ 7552/2023 നമ്പർ ഉത്തരവ് പ്രകാരം 8 ക്ലാസ് മുറികൾക്ക് നിശ്ചിത ഉയരം പാലിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചു ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധിക ഡിവിഷനുകൾ അനുവദിക്കാതിരിക്കാനുള്ള തടസ്സം നീങ്ങിയിട്ടുണ്ട്. ആയതിനാൽ 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി, 2 അധിക എൽ.പി.എസ്.ടി ഡിവിഷനും അനുബന്ധ തസ്തികകളും അനുവദിക്കാവുന്നതാണ്. 2023-24 വർഷത്തിൽ അധിക തസ്തികകൾ അനുവദിക്കാനുള്ള വിദ്യാലയങ്ങളുടെ ലിസ്റ്റിൽ കാവുംവട്ടം യു പി സ്കൂളിനെയും ഉൾപ്പെടുത്തുന്നതിനായി ശുപാർശ ചെയ്തു കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ അപ്പിൽ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചു ഉത്തരവായിട്ടുണ്ട്. ആയതിന്മേൽ മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജി ഉത്തരവൊന്നും ആയിട്ടില്ല. നിലവിൽ 2022-23,2023-24 വർഷങ്ങളിൽ കാവുംവട്ടം യു സ്കൂളിൽ അധിക എൽ.പി.എസ്.ടി തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ 01/11/2022 മുതലുള്ള ശ്രീമതി. അനസൂര്യയുടെ നിയമനം അംഗീകരിക്കാൻ നിർവാഹമില്ല എന്നാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27.10.2023 ലെ ബി3/7552/2023 നമ്പർ ഉത്തരവ് പ്രകാരം 8 ക്ലാസ് മുറികൾക്ക് നിശ്ചിത ഉയരം പാലിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതിനാൽ അധിക ഡിവിഷനുകൾ

അനുവദിക്കാതിരിക്കാനുള്ള തടസ്സം നീങ്ങിയിട്ടുണ്ട്.

കാവുംവട്ടം യു.പി സ്കൂളിലെ **2022-23, 2023-24** അധ്യയന വർഷങ്ങലിലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് ടി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി അധിക തസ്തികകളും അനുവന്ധ ഡിവിഷനുകളും അനുവദിക്കാവുന്നതാണെങ്കിൽ ആയത് സംബന്ധിച്ച പ്രൊപ്പോസൽ വ്യക്തമായ ശുപാർശ സഹിതം സർക്കാരിൽ സമർപ്പിക്കാൻ **25.09.2024** ലെ എൽ**1/342/2023** കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യാമായിട്ടില്ല.

മേൽ സാഹചര്യത്തിൽ കാവുംവട്ടം യു.പി സ്കൂളിലെ തസ്തിക നിർണ്ണയം പുതുക്കി ഉത്തരവാകുന്ന മുറയ്ക്ക് തസ്തിക ലഭ്യമെങ്കിൽശ്രീമതി. അൻസൂര്യ എസ്.ബി യുടെ എൽ.പി.എസ്.ടി ആയുള്ള നിയമനം നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായും മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിലും അംഗീകരിച്ച് നൽകുന്നതിനും കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം **1** റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊയിലാണ്ടി, കോഴിക്കോട്
മാനേജർ, കാവുംവട്ടം യു.പി സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് - **673620**
ശ്രീമതി അൻസൂര്യ. എസ്.ബി, എൽ.പി.എസ്.ടി, കാവുംവട്ടം യു.പി സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് - **673620**
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 04-10-2025 12:53:16
സെക്ഷൻ ഓഫീസർ